**അറിയിപ്പ്**

മി. സ്പീക്കർ: 2020-ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലെ ചില പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പിന്റെ ക്രമക്കേടുകളെ സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന വിഷയമാണിത്. അക്കാര്യത്തിൽ സഭയിൽ ചർച്ച നടക്കുന്നതിൽ യുക്തിയില്ല. മാത്രമല്ല, ഇതിനൊരു അടിയന്തര സ്വഭാവമുള്ളതായി കാണുന്നില്ല. അതുകൊണ്ട് അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ വിഷമമാണ്. അംഗത്തിന് ഈ വിഷയം ആദ്യത്തെ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്. ...........(ബഹളം).............

ശ്രീ. കെ. സി. ജോസഫ്: സർ, വളരെ ഗൗരവമായ വിഷയമാണിത്. ഇതിന്റെ പ്രാധാന്യം കാണാതെ പോകരുത്. .........(ബഹളം).............

മി. സ്പീക്കർ: അടിയന്തര പ്രാധാന്യമുള്ള വിഷയമായി ഇതിനെ പരിഗണിക്കാൻ സാധിക്കില്ല. കഴിഞ്ഞ മാസം 14-ാം തീയതി നടന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. .........(ബഹളം)...........

ശ്രീ. കെ. സി. ജോസഫ്: അതുകൊണ്ടെന്താണ്? അതുസംബന്ധിച്ച് ഡോ. കെ. എം. ശ്രീകുമാറിന്റെ വെളിപ്പെടുത്തലാണ് പരാമർശ വിഷയം ..........(ബഹളം)............

മി. സ്പീക്കർ: ഇത് ശരിയല്ല. അടിയന്തര പ്രമേയാവതാരകന് ഈ വിഷയം സബ്മിഷനായി സഭയിൽ ഉന്നയിക്കാം. അടിയന്തരപ്രമേയമായി എടുക്കാനുള്ള വിഷയം ഇതിലില്ല. കഴിഞ്ഞമാസം 14-ാം തീയതി നടന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയം, സഭ ചേർന്ന് ഒരാഴ്ച കഴിഞ്ഞതിനുശേഷം അടിന്തരപ്രമേയമായി ഉന്നയിക്കുന്നത് ശരിയല്ല. ......... (ബഹളം)............

ശ്രീ. എസ്. ശർമ്മ: സർ, സംഭവം നടന്ന് ഒരു മാസം കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട് എഫ്.ഐ.ആർ. പോലും എടുത്തിട്ടില്ല. വിഷയ ദാരിദ്ര്യത്തിന്റെ നടുവിലകപ്പെട്ട് നട്ടംതിരിയുന്ന പ്രതിപക്ഷം ഇതിൽനിന്നും പിൻമാറണം. ഇതുസംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകിയിട്ടുള്ളതുകൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. .........(ബഹളം)............

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കൽ.........(ബഹളം)......... പ്ലീസ്......... ഈ വിഷയം സബ്മിഷനായി ഉന്നയിക്കാൻ അംഗത്തിന് അനുവാദം

നൽകുന്നതാണ്. ആ അവകാശം അദ്ദേഹത്തിന് വിനിയോഗിക്കാം. ...... (ബഹളം).... ശ്രീ. എസ്. ശർമ്മ..... പ്ലീസ്... ശ്രദ്ധക്ഷണിക്കൽ ....(ബഹളം)...

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിൽ അടുത്തകാലത്തുണ്ടായിട്ടുള്ള സംഗതിയെക്കുറിച്ചുമാത്രമേ ചർച്ച ചെയ്യാൻ പാടുള്ളൂവെന്ന് പറയുന്നുണ്ട്. ഇത് തെറ്റായ നിലപാടാണ്.

മി. സ്പീക്കർ: ഈ വിഷയം അടിന്തരപ്രമേയമായി എടുക്കാൻ നിർവ്വാഹമില്ല, സബ്മിഷനായി സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാം.... (ബഹളം)......പ്ലീസ്....ദയവായി സീറ്റിലിരിക്കൂ. ഏത് വിഷയവും അടിയന്തരപ്രമേയമായി കൊണ്ടുവരാൻ സാധിക്കില്ല......(ബഹളം).... ആദ്യത്തെ സബ്മിഷനായി ഈ വിഷയം ഉന്നയിക്കാം. .... ..പ്ലീസ്........

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)